**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2643** **07-07-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിലെ ഇ-ഓഫീസ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ വകുപ്പിലെ ഓഫീസുകൾ ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് സഹകരണ സംഘം രജിസ്ട്രാർ ആഫീസിലും, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റിലും 2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.<br><br>സർക്കാരിന്റെ രണ്ടാം നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി 14 ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) ആഫീസുകളിലും, 14 ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകളിലും, 78 അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലും 64 അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ എത്ര ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നിലവിൽ വരുത്തി എന്ന് വിശദമാക്കാമോ? | (ബി) | ജവഹർ സഹകരണ ഭവനിൽ പ്രവർത്തിക്കുന്ന സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, സഹകരണ ആഡിറ്റ് ഡയറക്ടർ ആഫീസ്, 14 ജില്ലാതല ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകൾ, 14 ജില്ലാതല ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസ്, 78 താലൂക്ക് തല അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ആഫീസ്, 64 താലൂക്ക് തല അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസ് ഉൾപ്പെടെ 172 ആഫീസുകളിൽ സമ്പൂർണ്ണ ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ